കേരള പ്രിസൺസ് &
കറക്ഷണൽ സർവ്വീസസ്

ആസ്ഥാന കാര്യാലയം
ജയിൽ വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം-12
:0471-2342532
:keralaprisons@gov.in

ഇണ്ടാസ് നം: E1-8794/2024/PrHQ ; തീയതി : 30-03-2024

ഇലക്ഷൻ (ജനറൽ ) വകുപ്പിന്റെ 27.03.2024 തീയതിയിലെ EL3/14/2022-ELEC നമ്പർ സർക്കുലർ അറിവിലേക്കായി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

ഷിബു ആർ
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ്സ് വേണ്ടി

സ്വീകർത്താവ്: **1.ഡി.ഐ.ജി(പ്രിസൺസ്)**
ഉത്തരമേഖല/മദ്ധ്യമേഖല/ദക്ഷിണമേഖല

2.ജയിലാസ്ഥാനകാര്യാലയത്തിലെ എല്ലാ ഉദ്യോഗസ്ഥർക്കും

**കേരള സർക്കാർ**

നം-EL3/14/2022-ELEC

ഇലക്ഷൻ (ജനറൽ) വകുപ്പ്

തിരുവനന്തപുരം,

തീയതി: 27-03-2024

<u>സർക്കുലർ</u>

വിഷയം:- തിരഞ്ഞെടുപ്പ് ചുമതലകൾക്ക് ORDER സോഫ്റ്റ്‌വെയർ മുഖേനയുള്ള പോളിംഗ് ഉദ്യോഗസ്ഥരുടെ വിന്യാസം -നിർദ്ദേശങ്ങൾ നൽകുന്നത് - സംബന്ധിച്ച്.

സൂചന:- ഈ വകുപ്പിൽ നിന്നുള്ള 16.03.2024.-ലെ ഇതേ നമ്പർ കത്ത്.

************************

2024-ലെ ലോക് സഭാ തിരഞ്ഞെടുപ്പിനായി ഉദ്യോഗസ്ഥരെ നിയമിക്കുന്നത് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ തയ്യാറാക്കിയ ORDER സോഫ്റ്റ്‌വെയർ മുഖേനയാണ്. തിരഞ്ഞെടുപ്പ് ചുമതലകൾക്ക് Handbook for Returning Officer 2023 ഖണ്ഡിക 3.3 പ്രകാരം ചില വിഭാഗങ്ങളെ പോളിംഗ് ഡ്യൂട്ടിയിൽ നിന്ന് ഇന്ത്യൻ തിരഞ്ഞെടുപ്പ് കമ്മീഷൻ ഒഴിവാക്കിയിട്ടുണ്ട്. അതോടൊപ്പം മതിയായ കാരണങ്ങളാൽ പോളിംഗ് ഡ്യൂട്ടി ചെയ്യാനാകാത്ത സാഹചര്യം ഒരു ജീവനക്കാരനുണ്ടെങ്കിൽ സ്ഥാപനങ്ങളുടെ ഡാറ്റാ എൻട്രി സമയത്ത് തന്നെ കാരണം വ്യക്തമാക്കുന്നതിനുള്ള അവസരം സോഫ്റ്റ്‌വെയറിൽ തന്നെ ഉൾപ്പെടുത്തിയിരുന്നു. ഇപ്രകാരം നൽകുന്ന വിവരങ്ങളുടെ കൃത്യത അനുബന്ധ രേഖകളും ഓഫീസ് രേഖകളും പരിശോധിച്ച് ഉറപ്പുവരുത്തേണ്ടത് സ്ഥാപനത്തിന്റെ മേധാവിയുടെയും നോഡൽ ഓഫീസറുടെയും ഉത്തരവാദിത്തമാണ്. ഇതിനു പുറമെ ചില വിഭാഗം ജീവനക്കാരെക്കൂടി തിരഞ്ഞെടുപ്പ് ചുമതലകളിൽ നിന്നും ഒഴിവാക്കേണ്ടതുണ്ടെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന ക്രമീകരണങ്ങൾ വരുത്തുന്നു.

ഗുരുതരമായ മറ്റ് ആരോഗ്യ കാരണങ്ങളാൽ ഡ്യൂട്ടി ചെയ്യാൻ സാധിക്കാത്തവർ മെഡിക്കൽ സർട്ടിഫിക്കറ്റ്, മറ്റ് അനുബന്ധ രേഖകൾ സഹിതവും, പങ്കാളികൾക്ക് ഇരുവർക്കും പോളിംഗ് ഡ്യൂട്ടി ലഭിച്ചിട്ടുള്ള പക്ഷം അതിൽ ആവശ്യമെങ്കിൽ ഒരാളെ ഒഴിവാക്കുന്നതിന് നിയമന ഉത്തരവുകൾ സഹിതവും, തിരഞ്ഞെടുപ്പ് കമ്മീഷന്റെ നിർദ്ദേശ പ്രകാരം ഒഴിവാക്കപ്പെട്ട വിഭാഗത്തിൽപ്പെടുന്നവർക്ക് നിയമനം ലഭിക്കുന്നപക്ഷം നിയമന ഉത്തരവ് സഹിതവും ജില്ലാ തിരഞ്ഞെടുപ്പ് ഓഫീസറുടെ (ജില്ലാ കളക്ടർ) നിയന്ത്രണത്തിലുള്ള District ORDER Cell ൽ,

നിയമന ഉത്തരവിലെ പരിശീലന തീയതിയ്ക്ക് മുൻപായി പോളിംഗ് ഡ്യൂട്ടിയിൽ നിന്ന് ഒഴിവാക്കുന്നതിനായി ഇതോടൊപ്പം അനുബന്ധമായി ചേർത്തിട്ടുള്ള നിശ്ചിത പ്രഫോർമയിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. ജില്ലാ ORDER Cell ന്റെ ഘടന താഴെപ്പറയും പ്രകാരമായിരിക്കും.

1. ജില്ലാ തിരഞ്ഞെടുപ്പ് ഓഫീസർ അല്ലെങ്കിൽ ജില്ലാ തിരഞ്ഞെടുപ്പ് ഓഫീസർ ചുമതലപ്പെടുത്തുന്ന സബ് കളക്ടർ പദവിയിൽ കുറയാത്ത ഉദ്യോഗസ്ഥൻ ചെയർമാനും

2. ജില്ലാ മെഡിക്കൽ ഓഫീസർ അല്ലെങ്കിൽ ജില്ലാ മെഡിക്കൽ ഓഫീസർ ചുമതലപ്പെടുത്തുന്ന മെഡിക്കൽ ഓഫീസർ

3. ഇലക്ഷൻ മാൻപവർ മാനേജ്മെന്റിന്റെ ജില്ലാ നോഡൽ ഓഫീസർ

4. ORDER സോഫ്റ്റ് വെയറിന്റെ ജില്ലാ നോഡൽ ഓഫീസർ

5. ഇലക്ഷൻ ഡെപ്യൂട്ടി കളക്ടർ

എന്നിവർ അംഗങ്ങളുമായിരിക്കും. സെല്ലിന് മുമ്പാകെ ലഭിക്കുന്ന അപേക്ഷകൾ അനുബന്ധ രേഖകളുടെ അടിസ്ഥാനത്തിൽ പരിശോധിക്കേണ്ടതും അടുത്ത ഘട്ടം റാൻഡമൈസേഷനു മുൻപായി തീരുമാനം കൈക്കൊള്ളേണ്ടതും തിരഞ്ഞെടുപ്പ് ചുമതലയിൽ നിന്നും ഒഴിവാക്കിയവരുടെ വിവരങ്ങൾ അതത് ദിവസം വൈകുന്നേരം ആറ് മണിയ്ക്ക് മുൻപായി ജില്ലാ തിരഞ്ഞെടുപ്പ് ഓഫീസറുടെ ഓഫീസിലെ നോട്ടീസ് ബോർഡിലും വെബ് സൈറ്റിലും മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസറുടെ വെബ് സൈറ്റിലും (www.ceo.kerala.gov.in) പ്രസിദ്ധീകരിക്കേണ്ടതുമാണ്. നിശ്ചിത സമയപരിധിയ്ക്കകം ലഭിക്കുന്ന മുഴുവൻ അപേക്ഷകളും സമയബന്ധിതമായി പരിശോധിച്ച് തീരുമാനം കൈക്കൊള്ളേണ്ടതാണ്. അംഗങ്ങൾ ഒപ്പുവച്ച കമ്മിറ്റിയുടെ തീരുമാനം പ്രത്യേകം ഫയലാക്കി ജില്ലാ തിരഞ്ഞെടുപ്പ് വിഭാഗത്തിൽ സൂക്ഷിക്കേണ്ടതാണ്. മുകളിൽ പറഞ്ഞത് കൂടാതെ അടിയന്തരവും അപ്രതീക്ഷിതവുമായ സാഹചര്യങ്ങളിൽ പോളിംഗ് ഡ്യൂട്ടി ലഭിച്ച ഉദ്യോഗസ്ഥനെ ഒഴിവാക്കുന്നതിന് സ്ഥാപന മേലധികാരി / നോഡൽ ഓഫീസർ സാക്ഷ്യപ്പെടുത്തിയ അപേക്ഷ District ORDER Cell മുമ്പാകെ സമർപ്പിക്കേണ്ടതാണ്.

പല ഓഫീസ് മേധാവികളുടെയും/ നോഡൽ ഓഫീസർമാരുടെയും ഭാഗത്തുനിന്നും ജീവനക്കാരുടെ വിവരങ്ങൾ ചേർക്കുന്നതിൽ ബോധപൂർവ്വമായ വീഴ്ച വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിനാൽ ഇക്കാര്യം ജില്ലാ തിരഞ്ഞെടുപ്പ് ഓഫീസർ അടിയന്തരമായി ഗ്രാമ പഞ്ചായത്ത്/ മുൻസിപ്പൽ/ മുൻസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിമാരുടെ സഹായത്തോടെ പരിശോധിക്കേണ്ടതും പ്രസ്തുത വീഴ്ച വരുത്തിയ സ്ഥാപനങ്ങളുടെ

മേലധികാരി/നോഡൽ ഓഫീസർക്ക് എതിരെ ജില്ലാ തിരഞ്ഞെടുപ്പ് ഓഫീസർമാർ ജനപ്രാതിനിധ്യ നിയമ പ്രകാരം നടപടി ആരംഭിക്കേണ്ടതും സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട് ഈ ഓഫീസിൽ സമർപ്പിക്കേണ്ടതുമാണ്.

SANJAY M KAUL
SECRETARY & CHIEF ELECTORAL
OFFICER

ഉത്തരവിൻ പ്രകാരം

Signed by
Shivlal R V
Date: 27-03-2024 11:40:56

സെക്ഷൻ ഓഫീസർ.

പകർപ്പ്

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും/ പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും/ സെക്രട്ടറിമാർക്കും.
സെക്രട്ടറി, കേരള നിയമസഭ
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
ചീഫ് സെക്രട്ടറിയുടെ ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി
സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും സെക്ഷനുകൾക്കും
സംസ്ഥാനത്തെ എല്ലാ കേന്ദ്ര സർക്കാർ ഓഫീസുകൾക്കും.
എല്ലാ വകുപ്പ് മേധാവികൾക്കും
എല്ലാ ജില്ലാ തിരഞ്ഞെടുപ്പ് ഓഫീസർമാർക്കും (District ORDER Cell രൂപീകരിച്ചുകൊണ്ടുള്ള നടപടിക്രമത്തിന്റെ പകർപ്പ് 27.03.2024 വൈകുന്നേരം അഞ്ച് മണിയ്ക്ക് മുൻപായി ഈ ഓഫീസിൽ ലഭ്യമാക്കേണ്ടതാണ്).
എല്ലാ വരണാധികാരികൾക്കും, ഉപവരണാധികാരികൾക്കും.
എല്ലാ യൂണിവേഴ്സിറ്റി രജിസ്ട്രാർമാർക്കും
എല്ലാ കേന്ദ്ര / സംസ്ഥാന പൊതുമേഖലാ സ്ഥാപന മേധാവികൾക്കും
എല്ലാ ഗ്രാമ പഞ്ചായത്ത്/ മുൻസിപ്പൽ/ മുൻസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിമാർക്കും (ജില്ലാ തിരഞ്ഞെടുപ്പ് ഓഫീസർ മുഖേന)
വെബ് & ന്യൂ മീഡിയ ( സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ/ ഓഫീസ് കോപ്പി